

അരുന്ധതീദേവി—കൊട്ടാരത്തിലെ സ്വപ്നദേവത

# ക്ഷുധിതപാഷാണങ്ങൾ

## എം. പ്രഭാകരൻ

ഇന്ത്യൻ ചലച്ചിത്രവേദിയിൽ പല പുതിയ പരീക്ഷണങ്ങളും നടത്തി അന്താരാഷ്ട്രീയപ്രശസ്തി നേടിയ സത്യജിത് റായ്, ശാന്താറാം മുതലായ പ്രതിഭാശാലികളായ സംവിധായകന്മാരുടെ കൂട്ടത്തിലേക്കുയർന്നുവരുന്ന തപൻസിഹ ടാഗൂറിന്റെ ‘ക്ഷുധിതപാഷാണങ്ങൾ’ (Hungry Stones) എന്ന ചെറുകഥയെ അധികരിച്ച് നിർമിച്ച ഈ ചിത്രം പ്രദർശനകലയിലെ ഒരസാധാരണസംഭവമാണെന്ന് പറയാം. ഏറ്റവും സാധാരണമെന്ന് തോന്നാവുന്ന കഥകൾ മനുഷ്യമനസ്സിന്റെ അഗാധതയിലേക്കിറങ്ങി ചെല്ലത്തക്കവണ്ണം, പുതുമയോടെയും ചൈതന്യത്തോടെയും ചലച്ചിത്രത്തിലേക്ക് പകർത്തുന്ന രീതിയിലാണ് പ്രഗൽഭരായ സംവിധായകരുടെ ഭാവനാശക്തി കാണാൻ കഴിയുക. ഈ കാര്യം സത്യജിത്ത് റായിയുടെ ഒരുവിധം എല്ലാ ചിത്രങ്ങളിലും ശാന്താറാമിന്റെ ‘രണ്ട് കണ്ണും പന്ത്രണ്ട് കൈകളും’ ‘നവരംഗ്’ തപൻസിഹയുടെ ‘കാബൂളിവാല’ ‘ലോഹകപ്പട്ട്’ എന്നീ ചിത്രങ്ങളിലും വ്യക്തമായി കാണാം. ഏറിയാൽ അരമണിക്കൂർകൊണ്ട് വായിച്ചുതീർക്കാവുന്ന ടാഗൂറിന്റെ ‘കാബൂളിവാല’ എന്ന ചെറുകഥ പ്രേക്ഷകർക്ക് ഒരിക്കലും മറക്കാനാവാത്തവിധം ഭാവോജ്ജ്വലവും വികാരതീവ്രവുമായ ഒരു ചിത്രമാക്കി മാറ്റാൻ സിഹയ്ക്ക് എങ്ങനെ കഴിഞ്ഞു? പല ചിത്രങ്ങളിലും നാം കാണുന്ന മാതിരി, അനാവശ്യമായ ബോറടികൾ കുത്തിത്തിരുകി, നല്ല കഥകൾ ചലച്ചിത്രങ്ങളാക്കിയാൽ കലാസ്വാദകർ അവർക്ക് മാപ്പു കൊടുക്കില്ല. ടാഗൂറിന്റെ കഥ തുടങ്ങുന്നത് കാബൂളിവാല കൽക്കത്തയിൽ വന്നതിനുശേഷമാണ്. എന്നാൽ, സിഹ ചിത്രത്തിന്റെ തുടക്കത്തിൽ, ആയിരമായിരം നാഴികയകലെയുള്ള അഫ്ഗാനിസ്താനിലെ മൊട്ടക്കുന്നുകളിലൊന്നിന്റെ താഴ്വരയിൽ തന്റെ പ്രായമാവാത്ത ഓമനകളെ വിട്ടുപോരുന്ന അയാളുടെ ഭൂതകാലജീവിതത്തിലെ ഏറ്റവും ഹൃദയഭേദകമായ ഒരു രംഗം ആദ്യം നമ്മളെ കാണിച്ചുതന്നുകൊണ്ടാണ് ബാക്കി ഭാഗങ്ങൾ കാണാൻ അനുവദിക്കുന്നത്. അതുകൊണ്ട് ടാഗൂർകഥയ്ക്ക് കോട്ടമൊന്നും തട്ടിയതുമില്ല.

**കൊട്ടാരത്തിന്റെ ഓർമകൾ**

ക്ഷുധിതപാഷാണങ്ങളുടെ തുട

ക്ഷുധിതപാഷാണങ്ങളിലെ ഒരു പ്രേമരംഗം





സൗമിത്ര ചാറ്റർജി

ക്കത്തിൽ ഹൈദരബാദിലെ സുസ്താനദിയുടെ തീരത്ത് ഇരുന്നൂറ്റൻപതുകൊല്ലം മുൻപ് മുഹമ്മദ് ഷാ രണ്ടാമൻ നിർമിച്ച വിശാലമായ ഒരു കൊട്ടാരവും ഇന്ന് ശൂന്യമായി കിടക്കുന്ന അതിലെ ഇരുളടഞ്ഞ ഇടനാഴികകളിൽ 'എല്ലാം പച്ചക്കള്ളം', 'എല്ലാം പച്ചക്കള്ളം' എന്ന് കവി വിളിച്ചുംകൊണ്ട് അലഞ്ഞുതിരിയുന്ന ഭ്രാന്തൻ മെഹർ ആലിയെയുമാണ് നാം കാണുന്നത്. സന്ധ്യ കഴിഞ്ഞാൽ ആരും തന്നെ അങ്ങോട്ടു തിരിഞ്ഞുനോക്കാറില്ല. ഒരുകാലത്ത് പാട്ടും കൂട്ടും മദ്യവും മദാലസമാരുമായി നയിച്ച ഷായുടെ ജീവിതത്തിന് സാക്ഷ്യം വഹിച്ച ആ കൊട്ടാരത്തെപ്പററി ആ നാട്ടുകാർക്ക് പലേ കഥകളും പറയാനുണ്ട്. ഇന്ന് എല്ലാം ശൂന്യമാണ്. എങ്കിലും നിശ്ശബ്ദമായ രാത്രിയുടെ മദ്ധ്യയാമത്തിൽ നിലാവിൽ അരികെയുള്ള സുസ്താനദി വെട്ടിത്തിളങ്ങുമ്പോൾ അതിന്റെ കരയിലേക്ക് ഷായുടെ വെപ്പാട്ടിമാരായിരുന്ന അടിമപ്പെൺകിടാങ്ങൾ കളിച്ചു ചിരിച്ചുകൊണ്ട് ഇറങ്ങിച്ചെല്ലുന്നതും, അകത്തെ വിഹാരകേന്ദ്രങ്ങളിൽനിന്ന് ശ്രുതിമധുരമായ ഗാനങ്ങളുടെ വരികളും നൃത്തം ചവിട്ടുന്ന പെൺകൊടിമാരുടെ കാൽച്ചിലമ്പൊലികളും, കണ്ടവരും കേട്ടവരുമുണ്ടത്രെ.

**ഇന്നലെയുടെ സ്വപ്നങ്ങൾ**

ആയിടയ്ക്കാണ് സ്ഥലത്തെ ടാക്സ് ആപ്പീസിലെ കലകട്ററായി ഉദ്യോഗമാററം കിട്ടിയ ഒരു ചെറുപ്പക്കാരൻ ബങ്കാളി ആ കൊട്ടാരത്തിൽ വന്നു താമസമാക്കുന്നത്. തന്റെ കീഴുദ്യോഗസ്ഥന്മാരിലൊരാളായ കരിംഖാൻ ആ പഴയ കൊട്ടാരത്തിന്റെ ചരിത്രം അയാളെ പറഞ്ഞു മനസ്സിലാക്കി അവിടെ നിന്നു മാറ്റി താമസിപ്പിക്കാൻ ശ്രമിച്ചെങ്കിലും ആ ചെറുപ്പക്കാരൻ അതൊന്നും കാര്യമായി എടുത്തില്ല. അയാൾ അവിടെത്തന്നെ താമസിക്കുകയാണ്. രാത്രി ഊണു കഴിഞ്ഞു, പരിചാരകന്മാർ നാളെ കാലത്തു വരാമെന്നു പറഞ്ഞ് യാത്ര ചോദിച്ചുപോയപ്പോൾ, അയാൾ കട്ടിലിൽ വന്നു കിടന്നു. നദിയിലെ വിജനതയിൽ നിന്ന് അനുസ്യൂതം അടിച്ചുവരുന്ന കാററിന്റെ ചൂളംവിളി, കരിംഖാനിൽനിന്നു കേട്ട കൊട്ടാരത്തെപ്പററിയുള്ള കഥകൾ, ശൂന്യവും ഭയാനകവുമായ അന്തരീക്ഷം. അയാൾക്കുറക്കം വരുന്നില്ല. അയാൾ എന്തോ ശ്രദ്ധിക്കുന്നപോലെ കിടന്നു. അപ്പോൾ അതാ പെട്ടെന്ന് കൊട്ടാരത്തിന്റെ മുകൾത്തട്ടിൽനിന്ന് ശ്രുതിമധുരമായ ഒരു ഗാനത്തിന്റെ അലകൾ മെല്ലെ മെല്ലെ ഒഴുകി വരുന്നു. അയാൾ വിളക്കെടുത്തു. പതുക്കെ മുകളിലേക്ക് നടന്നു. വഴിക്ക് അയാൾ എന്തോ സംശയിച്ചുനിന്നു. ആ ഗാനം പെട്ടെന്ന് നിലച്ചു. അപ്പോഴേയ്ക്ക് അതാ ദൂരെ നിന്ന് മന്ദമന്ദം നടന്നടുക്കുന്ന ഒരു നർത്തകിയുടെ ചിലമ്പൊലിയുടെ നേർത്ത ശബ്ദം. മുകൾത്തട്ടിലെത്തി അയാൾ ചുററുപാടും നോക്കി. മങ്ങിയ നിലാവിൽ സുന്ദരിയായ ഒരു പെൺകിടാവ് മെല്ലെ മെല്ലെ കരിങ്കൽപടവുകൾ കയറി വരുന്നു. അവൾ സാവധാനം നടന്നുവന്ന് അടുത്തുള്ള കരിങ്കൽത്തൂണിനോട് ചേർന്നുനിന്ന് അയാളെ നിർന്നിമേഷയായ് നോക്കുകയാണ്. അയാൾ പിന്നെ അവിടെ നിന്നില്ല. വേഗം പിന്നോക്കം നടന്നു. വഴിക്കുവെച്ച് "എല്ലാം പച്ചക്കള്ളം" "എല്ലാം പച്ചക്കള്ളം" എന്നുച്ചത്തിൽ കൂവിവിളിച്ചു കൊണ്ടുനിൽക്കുന്ന ഭ്രാന്തൻ മെഹർ ആലിയുമായി കൂട്ടിമുട്ടി. അയാൾ വീണ്ടും വന്നു കിടന്നു.

കഴിഞ്ഞ രാത്രിയിലെ സംഭവങ്ങൾ ഓർമിക്കാൻ കഴിയാത്ത ഒരു പ്രശ്നം പോലെ അയാൾ തള്ളിക്കളഞ്ഞു. ക്ഷീണിച്ച മുഖഭാവത്തോടെ ആപ്പീസിൽ ചെന്ന അയാളോട് കരിംഖാൻ വീണ്ടും അവിടെനിന്ന് മാറി താമസിക്കുവാൻ പ്രേരിപ്പിച്ചതൊന്നും അയാൾ ശ്രദ്ധിച്ചില്ല.

**ആത്മാവിന്റെ തീർത്ഥാടനം**

ദിവസങ്ങൾ കഴിയുന്തോറും ആ കൊട്ടാരത്തിന്റെ ഇതിഹാസവുമായി അയാൾ ഇണങ്ങിച്ചേരുവാൻ തുടങ്ങി. കരിംഖാൻ ഒരുദിവസം ഷായുടെ കാലത്ത് വരച്ച ചിത്രങ്ങൾ സൂക്ഷിച്ചിരുന്ന ഒരു മുറി അയാൾക്ക് കാണിച്ചുകൊടുത്തു. അപ്പോൾ അതിലൊന്നിൽ കണ്ട ഒരു അടിമപ്പെണ്ണിന്റെ മുഖം ഓർമയുടെ വെളിച്ചം വീഴാത്ത തന്റെ ഭൂതകാലജീവിതത്തിലെവിടെയോവെച്ച് കണ്ടുമുട്ടിയ ഒരു പെൺകുട്ടിയുടേതാണോയെന്നൊരു സംശയം. അതോ രാത്രിയുടെ നിശ്ശബ്ദയാമങ്ങളിൽ തന്റെ ആത്മാവ് ആ കൊട്ടാരത്തിലെ ചരിത്രത്തിന്റെ മറ നീക്കി നിത്യേന ചെന്നെത്താറുള്ള ആ അജ്ഞാതമായ ലോകത്തുവെച്ച് തന്റെ മുൻപിൽ നിശ്ശബ്ദം വന്നു നിൽക്കാറുള്ള ആ പെൺകുട്ടിയുടേതാണോ?

നിലാവിൽ കുളിച്ചു നിൽക്കാറുള്ള ആ കൊട്ടാരത്തിലേക്ക് കാലൂന്നിയാൽ അയാൾ അതേവരെ അനുഭവിച്ചറിയാത്ത അസാധാരണമായ ഒരു ലഹരിയുടെ വലയത്തിൽ വരികയായി. അപ്പോൾ അയാൾക്ക് പകലത്തെ ജീവിതം അർത്ഥശൂന്യവും അയഥാർത്ഥവുമായി തോന്നുന്നു. അതോടൊപ്പം ഏതോ ഒരു യുഗത്തിൽ മുഴുമിക്കാനാവാത്ത തന്റെ ജീവിതത്തിന്റെ ബാക്കി ഭാഗം അനുഭവിക്കുന്ന ഒരു പ്രതീതി അയാളിലുളവാകുകയാണ്. ആ കൊട്ടാരത്തിലയാളെയും തേടി ഒരാത്മാവ് അലഞ്ഞുതിരിയുന്നുണ്ട്. ആ മുഖം അയാൾക്ക് വ്യക്തമായി കാണാം. ശോകമയമായിരുന്ന ഒരു ജീവിതകഥയുടെ ഉടസ്ഥയാണവൾ. സദാസമയം തന്നെ പിന്തുടരുന്ന, തന്നിലേക്ക് അടുത്തടുത്തു വരുന്ന, ഇവൾ ആരാണ്? അയാൾ വീണ്ടും വീണ്ടും ചോദിച്ചു. പക്ഷേ, അവൾ സംസാരിച്ചില്ല.

ജീവിതത്തിന് സ്വസ്ഥത തീരെ നഷ്ടപ്പെട്ടപോലെ അയാൾക്കു തോന്നി. ആപ്പീസ് ജോലികളിൽ അയാൾക്ക് ശ്രദ്ധ കുറഞ്ഞു കുറഞ്ഞു വന്നു. സന്ധ്യയാവാൻ അയാൾ കാത്തിരിക്കും. ആ കൊട്ടാരത്തിലെ അദ്ഭുത പ്രപഞ്ചത്തിലേക്ക് ലയിച്ചിറങ്ങിചെല്ലാനായി. അവസാനം അവൾ അയാളെ, അവരുടെ ആത്മാക്കളെ അന്യോന്യം ബന്ധിച്ച ജീവിതത്തിനുമപ്പുറത്തെ അജ്ഞാതജീവിതരംഗങ്ങളിലേക്ക് എടുത്തുകൊണ്ടുപോവുകയാണ്.

**കഴിഞ്ഞ ജന്മത്തിന്റെ കഥ**

അന്നയാൾ ഷായ്ക്കുവേണ്ടി പെൺകിടാങ്ങളെ വിലയ്ക്കുവാ

ങ്ങുന്ന ജോലിയിലേർപ്പെട്ടിരിക്കുകയായിരുന്നു. ഒരുദിവസം വിദൂരമായ പട്ടണങ്ങളിലൊന്നിൽനിന്ന് സുന്ദരിയായ ഒരറബിപ്പെണ്ണിനെ അയാൾ ചക്രവർത്തിക്കുവേണ്ടി വിലയ്ക്കു വാങ്ങിയ അയാൾ അവളേയുംകൊണ്ട് അരമനയിലേക്ക് മടങ്ങുകയായിരുന്നു. ഏതാണ്ട് ഒരു മാസത്തോളം നീണ്ടുനിന്ന യാത്രയ്ക്കിടയിൽ അവൾ തന്റെ ശോകനിർഭരമായ ജീവിതകഥ പറഞ്ഞു മനസ്സിലാക്കുകയാണ്. അറബിയയിലെ വിശാലമായ മണൽക്കാടുകളിലെവിടെയോ ഒന്നിലുള്ള പുൽത്തകിടിലൊരിക്കൽ അവൾ ആടുകളെ മേച്ചു നടക്കുമ്പോൾ കുതിരപ്പുറത്ത് ഓടിയെത്തിയ ഒരു കൂട്ടം അറബികൾ അവളെ തട്ടിക്കൊണ്ടുപോന്ന കഥ. ആ കഥ അയാളെ വല്ലാതെ വേദനിപ്പിച്ചു. അങ്ങനെ യാത്രാമധ്യേ അവർ കടൽക്കരയിൽ കിടന്നുറങ്ങുമ്പോൾ അവൾ കടലിൽ ചാടി ആത്മഹത്യയ്ക്കു മുതിർന്നു. അയാൾ ഓടിയെത്തി അവളെ തടഞ്ഞ് സമാധാനിപ്പിക്കുകയാണ്. അയാൾ അവളെ അവളുടെ അച്ഛനമ്മമാരുടെ അരികിലെത്തിക്കാമെന്ന്. അവർ ഒരു ഗൂഢാലോചന നടത്താനുദ്ദേശിച്ചു. പക്ഷേ, ചക്രവർത്തിക്കുവേണ്ടി വാങ്ങിയ ഒരു പെൺകുട്ടിയെ ആർക്കും കിട്ടില്ലെന്നു കിങ്കരന്മാർ. അയാളെ താക്കീതു ചെയ്തു. അങ്ങനെ കൊട്ടാരത്തിലെത്തിയ അവൾ രാജാവിന്റെ വെപ്പാട്ടിമാരിലൊരുവളായിത്തീരുന്നു. എങ്കിലും കൊട്ടാരം സുഖസുഷുപ്തിയിൽ ലയിക്കുന്ന നിശ്ശബ്ദനിമിഷങ്ങളിൽ ഇരുളടഞ്ഞ അതിന്റെ മൂലകളിൽ അവർ വീണ്ടും വീണ്ടും കണ്ടുമുട്ടി. അങ്ങനെ അവസാനം ഒരു ദിവസം അവർ ഒളിച്ചോടിപ്പോകുമ്പോൾ പിടിക്കപ്പെടുകയാണ്. രാജാവയാളെ, അവൾ നോക്കി നിൽക്കെ കുതിരപ്പുറത്തു വരിഞ്ഞുകെട്ടി അനന്തതയിലേക്കു വിട്ടു. അവളെ കൊട്ടാരത്തിലെ നരകത്തിലേക്കും. അയാൾ എവിടെയോ വീണു മരിച്ചു. പക്ഷേ, അവൾ ഇന്നും നൂറ്റാണ്ടുകൾക്കുശേഷം ആ കൊട്ടാരത്തിലലഞ്ഞു തിരിയുകയാണ്. കൊല്ലങ്ങൾക്കുശേഷം അവർ വീണ്ടും കണ്ടുമുട്ടിയിരിക്കുകയാണോ?

എന്നാൽ, അയാൾ അവിടെ അധികദിവസം താമസിച്ചില്ല. അയാൾ രോഗബാധിതനായി അവിടെനിന്നു മാറിത്താമസിച്ചു. പിന്നീട് കുറച്ചുദിവസത്തിനുള്ളിൽ ജോലിവിട്ട് നാട്ടിലേക്കു പോയി.

അനിതരസാധാരണമായ ഭാവനയോടെ സങ്കല്പവും യാഥാർത്ഥ്യവും സുന്ദരമായി കൂട്ടിച്ചേർത്തുവാർത്തെടുത്ത ഈ ചിത്രത്തിലെ ചുണ്ടിൽ മന്ദഹാസം വിടർത്തുന്ന രംഗങ്ങളാണ് സ്ഥലത്തെ ഏക ബംഗാളിയായ പോസ്റ്റ്മാസ്റ്ററും കലക്ടരായി ഉദ്യോഗമാറ്റം കിട്ടി സ്ഥലത്തെത്തിയ ചെറുപ്പക്കാരനും തമ്മിൽ കണ്ടുമുട്ടുന്ന നിമിഷങ്ങൾ.

### അഭിനയം

കഴിഞ്ഞ ജന്മത്തിലെ കഥയിൽ അറബിപ്പെണ്ണിന്റെയും, കൊട്ടാരത്തിൽ വന്ന് താമസിക്കുന്ന ചെറുപ്പക്കാരനെ നിശ്ശബ്ദം പിന്തുടരുന്ന സ്വപ്നദേവതയുടെയും ഭാഗങ്ങൾ അസൂയാവഹമായ കഴിവോടെ കൈകാര്യം ചെയ്തത് ബങ്കാളിലെ സുപ്രസിദ്ധ താരമായ അരുന്ധതി മുക്കർജിയാണ്. വേദനവിഴുങ്ങുന്ന ഒരു ഹൃദയത്തിന്റെ വ്യാപാരം മുഖത്ത് അനായസേന ആവിഷ്കരിക്കുവാനുള്ള അവരുടെ അഭിനയപാടവത്തെ കൊട്ടാരത്തിലലഞ്ഞു തിരിയുന്ന സംസാരിക്കാത്ത സ്വപ്നദേവതയുടെ ഭാഗം തെളിയിച്ചിട്ടുണ്ട്. കലക്ടറുടെ ഭാഗം തന്റെ ഉൽക്കൃഷ്ടമായ ഭാവാഭിനയത്താൽ വിജയിപ്പിച്ച സൗമിത്രാ ചാറ്റർജിക്ക് ഇടക്കിടയ്ക്കുള്ള പൊട്ടിച്ചിരി കുറച്ചു കുറയ്ക്കാമായിരുന്നു. പോസ്റ്റ്മാസ്റ്ററുടെ ഭാഗമെടുത്ത ഛബി ബിശ്വാസ് തന്റെ സ്വതസിദ്ധമായ അഭിനയവൈശിഷ്ട്യം ഇതിലും കാണിച്ചിട്ടുണ്ട്. പ്രേക്ഷകരുടെ മനസ്സിൽ തങ്ങിനിൽക്കുന്ന മറ്റൊരു പാത്രമാണ് രാധാമോഹന്റെ കറിംഖാൻ. കൊട്ടാരത്തിന്റെ പഴയ കഥ പറഞ്ഞുകൊടുക്കുന്ന സന്ദർഭത്തിലുള്ള അയാളുടെ ഉറുദുവിവരണം ഒരു കവിത പോലെ ഹൃദയത്തിലേക്കിറങ്ങി ചെല്ലത്തക്കവിധം സുന്ദരമായിരുന്നു. നവാബിന്റെ ഭാഗമെടുത്ത ദിലീപ്റായിയും വിജയിച്ചിട്ടുണ്ടെന്നു പറയാതിരിക്കാതെ വയ്യ.

### സംഗീതം

ഈ ചിത്രത്തിന്റെ മറ്റൊരു സവിശേഷത ഇതിലെ മനോഹരമായ പശ്ചാത്തലസംഗീതമാണ്. ഉസ്താദ് ആലി അക്ബർ ഖാൻ നൽകിയ പ്രഗൽഭമായ പിന്നണി സംഗീതത്തിന്റെ ആകർഷണവലയത്തിൽ നിന്ന് ഒഴിഞ്ഞുമാറി നിൽക്കാൻ ഈ ചിത്രം കാണുന്ന ആർക്കും തന്നെ കഴിയുമെന്നു തോന്നുന്നില്ല.

ആത്മാവിന്നു മരണമില്ലെന്നു വിശ്വസിക്കാത്തവർക്ക് അവിശ്വസനീയമായ ഒരു കഥയായിരിക്കും ഇത്. പക്ഷേ, അസാധാരണമായ ഭാവനാശക്തിയാലും, ആവിഷ്കരണരീതിയാലും ചലച്ചിത്രലോകത്തിൽ ഇന്നേവരെ സമർപ്പിക്കപ്പെട്ടിട്ടുള്ള ചിത്രങ്ങളിൽനിന്നു വിഭിന്നമായ ഒരു സംഭവനയാണിത്. ബങ്കാളിലെ ചലച്ചിത്ര പരീക്ഷണങ്ങൾ കൂടുതൽ വിജയിക്കുകയാണെന്നതിന് ഒരു തെളിവും കൂടിയാണ്. ഒരുപക്ഷേ, സംവിധായകൻ തന്നെ ഇതെല്ലാം സംഭവിക്കാനവകാശമില്ലെന്നു കരുതുന്നതിനാലായിരിക്കണം കഥയുടെ തുടക്കത്തിലും അവസാനത്തിലും ഭ്രാന്തൻ മെഹർ ആലിയെകൊണ്ട് "എല്ലാം പച്ചക്കള്ളം" "എല്ലാം പച്ചക്കള്ളം" എന്നു പറയിപ്പിക്കുന്നത്. ചുരുക്കത്തിൽ ഈ പടം ഒരു മഹത്തായ അനുഭവമായിരുന്നു.